REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-07-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **വോട്ടവകാശം വിനിയോഗിക്കുന്നതിലൂടെ ജനങ്ങൾ ജനാധിപത്യത്തിൽ വീണ്ടും വിശ്വാസം ഉറപ്പിക്കുകയാണെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഹരിയാന, ചണ്ഡീഗഡ്, പഞ്ചാബ് എന്നിവിടങ്ങൾ സന്ദർശിക്കും.**
- **ഉൾനാടൻ ജലഗതാഗത മേഖലയിൽ അടക്കം ക്രൂയിസ് ഷിപ്പിംഗ് പദ്ധതി നടപ്പാക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.**
- **കർക്കടക മാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട വൈകിട്ട് തുറക്കും.**
- **ഫിഫ ലോകകപ് ഫുട്ബോൾ ഫൈനലിൽ അർജന്റീന സ്പെയിൻ പോരാട്ടം.**

## വാർത്തകൾ വിശദമായി

വോട്ടവകാശം വിനിയോഗിക്കുന്നതിലൂടെ ജനങ്ങൾ ജനാധിപത്യത്തിൽ വീണ്ടും വിശ്വാസം ഉറപ്പിക്കുകയാണെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ പറഞ്ഞു. രാജസ്ഥാൻ നിയമസഭയുടെ 75-ാം വാർഷികത്തോടനുബന്ധിച്ച് ജയ്പൂരിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു ഉപരാഷ്ട്രപതി.

സത്യസന്ധതയോടും സമർപ്പണത്തോടും കൂടി സേവനമനുഷ്ഠിച്ച് ജനപ്രതിനിധികൾ ഈ വിശ്വാസം ഉയർത്തിപ്പിടിക്കണമെന്ന് അദ്ദേഹം പറഞ്ഞു. സംസ്ഥാന നിയമസഭകൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഹൃദയമിടിപ്പാണെന്നും പാർലമെന്റ് രാജ്യത്തിന്റെ അഭിലാഷങ്ങളെ പ്രതിഫലിപ്പിക്കുമ്പോൾ, സംസ്ഥാന നിയമസഭകൾ ഗ്രാമങ്ങളുടെയും പട്ടണങ്ങളുടെയും കുടുംബങ്ങളുടെയും

പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും ആശങ്കകൾക്കും ശബ്ദം നൽകുന്നുവെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

✪✪✪

ഇന്ത്യ-യൂറോപ്യൻ യൂണിയൻ വ്യാപാര സാങ്കേതിക കൗൺസിലന്റെ മൂന്നാമത് മന്ത്രിതല യോഗം ബ്രസൽസിൽ ചേർന്നു. ഇന്ത്യയും യുറോപ്യൻ യൂണിയനും തമ്മിൽ തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന് പ്രതിരോധം, നിർമിത ബുദ്ധി, അർദ്ധചാലകങ്ങൾ, ഹരിത സാങ്കേതിക വിദ്യകൾ എന്നിവയിലെ സഹകരണത്തിന് യോഗം അംഗീകാരം നൽകിയതായി വിദേശകാര്യമന്ത്രി ഡോ.എസ് ജയശങ്കർ പറഞ്ഞു. യൂറോപ്യൻ യൂണിയന്റെ ഗവേഷണ നവീകരണ ഫണ്ടിങ് പ്രോഗ്രാമിൽ ഇന്ത്യയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഔദ്യോഗിക ചർച്ചക്ക് തുടക്കമിട്ടതായും ജയശങ്കർ പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഹരിയാന, ചണ്ഡീഗഡ്, പഞ്ചാബ് എന്നിവിടങ്ങൾ സന്ദർശിക്കും. ജിന്ദിനും സോണിപത്തിനും ഇടയിൽ രാജ്യത്തെ ആദ്യ മലിനീകരണ രഹിത ഹൈഡ്രജൻ ട്രെയിൻ ഹരിയാനയിലെ ജിന്ദ് റെയിൽവേ സ്റ്റേഷനിൽ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്.....

ഹരിയാനയിലെ ജിന്ദ് ഏകലവ്യ സ്റ്റേഡിയത്തിലെ ചടങ്ങിൽ ഏകദേശം 14,700 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനന്ത്രി നരേന്ദ്രമോദി തറക്കല്ലിടുകയും രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്യും. ഉച്ചകഴിഞ്ഞ് ചണ്ഡീഗഡിലെത്തുന്ന പ്രധാനമന്ത്രി ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, റോഡ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുൾപ്പെടെ ആറായിരത്തി 600 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കമിടും.

പഞ്ചാബിലെ ജലന്ധർ സന്ദർശിക്കുന്ന മോദി, കണക്റ്റിവിറ്റിയും യാത്രക്കാരുടെ സൗകര്യം മെച്ചപ്പെടുത്തുകയും മേഖലയിലെ സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുകയും ലക്ഷ്യമിടുന്ന 5,470 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിൽ പുനർവികസിപ്പിച്ച ജലന്ധർ കാന്റ് ഉൾപ്പെടെ 75 റെയിൽവേ സ്റ്റേഷനുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

രാജ്യത്തിന്റെ 80-ാമത് സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ഓഗസ്റ്റ് 15 വരെ ഡൽഹിയിലെ ചെങ്കോട്ട സമുച്ചയത്തിൽ പൊതുജനങ്ങൾക്ക് പ്രവേശനം വിലക്കി. സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായ ഒരുക്കങ്ങൾക്കാണ് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചത്. ഗവെർണ്മെന്റ് നൽകുന്ന പാസുള്ളവർക്ക് മാത്രമേ സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ട പരിസരത്തേക്ക് പ്രവേശിക്കാൻ അനുവാദമുണ്ടാകൂ.

✪✪✪

ഉൾനാടൻ ജലഗതാഗത മേഖലയിൽ അടക്കം ക്രൂയിസ് ഷിപ്പിംഗ് പദ്ധതി നടപ്പാക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. സംസ്ഥാനത്തെ തുറമുഖ വികസനരംഗത്ത് അനന്ത സാദ്ധ്യതകൾ കൊണ്ടുവരുമെന്നും ബജറ്റിൽ പ്രഖ്യാപിച്ച അന്താരാഷ്ട്ര മാരിടൈം മ്യൂസിയം അതിവേഗം നിർമ്മിക്കുമെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് കേരള സമുദ്ര മിഷൻ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. കേരളത്തിൽ റോഡിലൂടെ നടത്തുന്ന ചരക്ക് ഗതാഗതം കടലിലൂടെ ആക്കിയാൽ, ചെലവ് നാലിലൊന്ന് ആയി കുറക്കാൻ കഴിയുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ആവാസ വ്യവസ്ഥയ്ക്ക് ഒരു ദോഷവും വരുത്താതെ റോഡ്,റെയിൽ,തുറമുഖം എന്നിവയെ സംയോജിപ്പിച്ച് വികസന പ്രവർത്തനങ്ങൾ നടത്തും. കപ്പൽ നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ സംസ്ഥാനത്തേക്ക് ടാറ്റ എത്തുമെന്നും വിഴിഞ്ഞം തുറമുഖത്തിൽ ആർക്കും കുത്തക അവകാശം ഉണ്ടാകില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

കേരളത്തെ തുറമുഖ നഗരമാക്കുന്നതിന് എല്ലാ സഹായവും കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായ ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ കേരളവും തമിഴ്നാടും യോജിച്ച് പ്രവർത്തിക്കാൻ ധാരണയായി. മന്ത്രി രമേശ് ചെന്നിത്തല തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ് യുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഇതു സംബന്ധിച്ച് ധാരണയിലെത്തിയത്.

രഹസ്യ വിവരങ്ങൾ കൈമാറുന്നതിനും അതിർത്തിയിൽ സംയുക്ത പട്രോളിങ് നടത്തുന്നതിനും തീരുമാനിച്ചു. ലഹരിയുടെ വേരറുക്കാൻ ഇരു സംസ്ഥാനങ്ങളും സഹകരണം തുടരുമെന്ന് രമേശ് ചെന്നിത്തല പറഞ്ഞു.

✪✪✪

വഖഫ് വിഷയത്തിൽ കോടതിയുടെ വിധിപകർപ്പ് ലഭിച്ചതിന് ശേഷം വിശദമായി പ്രതികരിക്കാമെന്ന് മന്ത്രി എൻ ഷംസുദ്ദീൻ തിരുവനന്തപുരത്ത് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റ് പുനഃസംഘടിപ്പിച്ച വഖഫ് ബോർഡ്, ഉമീദ് ആക്ട് പ്രകാരമല്ലെന്ന് ആരോപണം ഉന്നയിച്ച് നാല് പൊതു താൽപര്യ ഹർജികളാണ് ഹൈക്കോടതിയിൽ ഉണ്ടായിരുന്നത്.

ഹർജികൾ പരിഗണിച്ച് നിലവിലെ വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ താൽക്കാലികമായി മരവിപ്പിച്ചതായാണ് കോടതി വിധിയിൽ നിന്നും മനസിലാക്കുന്നതെന്ന് മന്ത്രി പറഞ്ഞു. അടുത്ത ആഴ്ച കേസ് വീണ്ടും പരിഗണിക്കുന്നുണ്ട്.

ബോർഡിന്റെ ദൈനംദിന പ്രവർത്തനത്തിന് ജോയിന്റ് സെക്രട്ടറി റാങ്കിൽ ഒരാളെ അഡ്മിനിസ്ട്രേറ്ററായി നിയമിക്കാൻ കോടതി നിർദ്ദേശിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

✪✪✪

മൗറീഷ്യസ് വിദേശകാര്യ മന്ത്രി ഹംബീരാജൻ നർസിംഗൻ, സെർബിയൻ അംബാസഡർ സിനിസ പാവിക്, ഗയാന ഹൈക്കമ്മീഷണർ ധരംകുമാർ സീരാജ് എന്നിവർ കേരള നിയമസഭ സന്ദർശിച്ചു. നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണനുമായി ഇവർ കൂടിക്കാഴ്ച നടത്തി. തുടർന്ന് നിയമസഭാ ഹാളും സന്ദർശിച്ച ശേഷമാണ് വിദേശ പ്രതിനിധി സംഘം മടങ്ങിയത്.

✪✪✪

തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പണം മോഷ്ടിച്ച സംഭവം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് മന്ത്രി കെ.മുരളീധരൻ, മന്ത്രി രമേശ് ചെന്നിത്തലയ്ക്ക് കത്ത് നൽകി. ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ ഓഡിറ്റ് റിപ്പോർട്ടിൽ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയ സാഹചര്യത്തിലാണ് നടപടി.

സമഗ്ര അന്വേഷണത്തിനായി ഉചിതമായ ഏജൻസിക്ക് കേസ് കൈമാറമെന്നും വസ്തുകളുടെ അടിസ്ഥാനത്തിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതുൾപ്പെടെ നിയമനടപടികൾ സ്വീകരിക്കണമെന്നും മന്ത്രി കത്തിൽ ആവശ്യപ്പെട്ടു.

✪✪✪

ഒന്നാം വർഷ ഹയർസെക്കന്ററി പരീക്ഷ ഫലം നാളെ പ്രസിദ്ധീകരിക്കും. results.hse.kerala.gov.in എന്ന വെബ്സൈറ്റിൽ ഫലം ലഭ്യമാകും.

✪✪✪

പൊതു വിഭാഗം റേഷൻകാർഡുകൾ, മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റാൻ ഓൺലൈൻ അപേക്ഷ നാളെ വരെ സ്വീകരിക്കും. അക്ഷയകേന്ദ്രം, സിവിൽ സപ്ലൈസ് വകുപ്പ് വെബ്സൈറ്റിലെ സിറ്റിസൺ ലോഗിൻ എന്നിവ മുഖേനയാണ് അപേക്ഷിക്കേണ്ടത്.

✪✪✪

കർക്കടക മാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട വൈകിട്ട് അഞ്ചിന് തുറക്കും. തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ സാനിധ്യത്തിൽ മേൽശാന്തി ഇ.ഡി പ്രസാദ് നടതുറന്ന് ദീപം തെളിക്കും. നാളെ മുതൽ ഈ മാസം 21 വരെയാണ് മാസപൂജ.

രാമായണ മാസാചരണം കൂടി ആയതിനാൽ ഇത്തവണ വൻ ഭക്തജന തിരക്കാണ് ശബരിമലയിൽ പ്രതീക്ഷിക്കുന്നത്.

തിരക്ക് ഒഴിവാക്കാൻ തീർഥാടകർ ദേവസ്വംബോർഡിന്റെ വെബ്സൈറ്റ് വഴി വെർച്വൽ ക്യൂ ബുക്ക് ചെയ്ത് ദർശനം നടത്തണം. യാത്രാ സൗകര്യം ഒരുക്കാൻ വിവിധ ഡിപ്പോകളിൽ നിന്നായി KSRTC ബസ് സർവീസ് നടത്തും. നിലയ്ക്കൽ പമ്പ ചെയിൻ സർവീസിനായി മാത്രം 55 ബസുകൾ സർവീസ് നടത്തും.

✪✪✪

ആറന്മുള വള്ളസദ്യ, വള്ളംകളി അഷ്ടമിരോഹിണി സദ്യ തുടങ്ങിയ ആഘോഷങ്ങൾക്ക് മുന്നോടിയായി അപകടമേഖല വിലയിരുത്തുന്നതിനായി NDRF സംഘം ആറന്മുളയിൽ സന്ദർശനം നടത്തി. സ്റ്റാർട്ടിങ് പോയിന്റ് മുതൽ ഫിനിഷിംഗ് പോയിന്റ് വരെ നദിയിലെ പ്രധാന അപകടമേഖലകൾ സുരക്ഷയുടെ ഭാഗമായി സംഘം പരിശോധിച്ചു

✪✪✪

യാക്കോബായ സുറിയാനി സഭയുടെ പുതുതായി രൂപീകരിച്ച തിരുവനന്തപുരം മേഖലയുടെ മെത്രാപ്പോലീത്തായായി ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് സ്ഥാനമേറ്റു. പുന്നൻ റോഡ് സെന്റ് പീറ്റേഴ്സ് യാക്കോബായ സിംഹാസന കത്തീഡ്രലിൽ നടന്ന സ്ഥാനാരോഹണ ശുശ്രൂഷയ്ക്ക് ശ്രേഷ്ഠ ബസേലിയോസ് ജോസഫ് കാതോലിക്ക ബാവായും, മലങ്കര കത്തോലിക്ക സഭയുടെ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവയും നേതൃത്വം നൽകി.

സ്ഥാനാരോഹണ ശുശ്രൂഷയ്ക്കു ശേഷം മുഖ്യമന്ത്രി വി. ഡി. സതീശൻ കത്തിഡ്രലിൽ എത്തി ആശംസകൾ അറിയിച്ചു.

✪✪✪

ഫിഫ ലോകകപ് ഫുട്ബോൾ ഫൈനലിൽ അർജന്റീന സ്പെയിൻ പോരാട്ടം. അറ്റ്ലാന്റ് സ്റ്റേഡിയത്തിൽ രണ്ടാം സെമിയിൽ പുലർച്ചെ അർജന്റീന ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ഇംഗ്ലണ്ടിനെ തോൽപിച്ചു.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ...

(വോയ്സ്...)

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് മൂന്ന് മത്സര ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. കാർഡിഫിലെ സോഫിയ ഗാർഡൻസിൽ ഇന്ത്യൻ സമയം വൈകിട്ട് 5:30-നാണ് മത്സരം.

✪✪✪

പാലക്കാട്, നെന്മാറ ഇരട്ടക്കൊലക്കേസിൽ പ്രതി ചെന്താമരയുടെ ശിക്ഷാവിധി ഇന്ന്.  പാലക്കാട് അഡീഷണൽ സെഷൻസ് കോടതിയാണ് വിധി പറയുക.

✪✪✪

കോഴിക്കോട് ബീച്ച് ഫയർസ്റ്റേഷന്റെ പുതിയ കെട്ടിടം പൂർത്തിയാകുന്നതുവരെ നഗരത്തിൽ താത്ക്കാലിക അഗ്നിരക്ഷാ സംവിധാനം അടിയന്തരമായി സജ്ജീകരി ക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു. ബീച്ച് സ്റ്റേഷൻ പൂർണ്ണമായും മീഞ്ചന്തയിലേക്ക് മാറ്റിയതുമായി ബന്ധപ്പെട്ട വാർത്തകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി കൊല്ലം സിറ്റി പൊലീസ് നടത്തിയ പരിശോധനയിൽ  കിളികൊല്ലൂർ സ്റ്റേഷൻ പരിധിയിൽ നിന്ന്  46- ഗ്രാമോളം MDMA-യുമായി രണ്ട് യുവാക്കളെ അറസ്റ്റ് ചെയ്തു. പത്തനാപുരം ചെളികുഴി സ്വദേശി മുഹമ്മദ് കൈഫ്, പത്തനാപുരം മൊഞ്ചല്ലൂർ സ്വദേശി വിപിൻ സജു എന്നിവരാണ് പിടിയിലായത്.

✪✪✪

*News Editor :  പി ചന്ദ്രബാബു*
*News Reader: അബ്ദുൾ കബീർ*
*News Team: ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*